# വൂൾഫ്

സംവിധാനം: ഷാജി അസീസ്, രചന: ജി. ആർ. ഇന്ദുഗോപൻ, നിർമാണം: സന്തോഷ് ദാമോദർ

## കഥയുടെ രത്നച്ചുരുക്കം

സഞ്ജയ് പ്രതിശ്രുതവധു ആശയെ സർപ്രൈസ് ചെയ്യിക്കാൻ രാത്രിയിൽ അവളുടെ വീട്ടിലെത്തുന്നു. ആശ വീട്ടിൽ ഒറ്റയ്ക്കാണ്. പറയാതെ വന്നത് അവൾക്ക് ഇഷ്ടപ്പെടുന്നില്ല. കുറച്ചു നേരമിരുന്നിട്ട് സഞ്ജയ് പോകാൻ തുടങ്ങുമ്പോഴാണ് ലോക്ഡൗൺ പ്രഖ്യാപിക്കപ്പെടുന്നത്. തിരിച്ചു പോകാൻ സഞ്ജയ് ശ്രമിക്കുന്നെങ്കിലും വീടിനു പുറത്ത് റോഡിലുള്ള പൊലീസ് എയ്ഡ് പോസ്റ്റിലെ ഉദ്യോഗസ്ഥൻ അനുവദിക്കുന്നില്ല. അങ്ങനെ ആശയും സഞ്ജയും വീട്ടിൽ കുടുങ്ങുന്നു.
അന്നു രാത്രി ഒറ്റയ്ക്ക് കഴിയാൻ ഇരുവരും നിർബന്ധിതരാകുന്നു. രാത്രിയിൽ സഞ്ജയ് ചില ശബ്ദം കേൾക്കുന്നുണ്ടെങ്കിലും ശ്രദ്ധിക്കുന്നില്ല. പിറ്റേന്ന് രാവിലെ കാപ്പി കുടിച്ചു കൊണ്ടിരിക്കെ, മുകളിൽ ഏതോ പാത്രം വീണുടയുന്ന ശബ്ദം കേട്ട് സഞ്ജയ് മുകളിലേയ്ക്ക് ചെല്ലുന്നു.  അവിടെ അടച്ചിട്ട മുറി ചവിട്ടിത്തുറക്കുമ്പോൾ അകത്ത് മറ്റൊരാൾ ഉണ്ടെന്ന് മനസ്സിലാകുന്നത്. അത് ആശയുടെ കാമുകനായിരുന്നു. അവർ ഇരുവരും ഒളിച്ചോടാൻ ഒരുങ്ങുമ്പോഴാണ് പ്രതിശ്രുതവരനായ സഞ്ജയ് എത്തുന്നത്. ഇതോടെ ആശയുടെ ഭാവിവരനും കാമുകനും ഒരുമിച്ച് ലോക്ഡൗണിൽ പെടുന്നു. സഞ്ജയിന്റെ വന്യമായ സ്വഭാവവും കടിച്ചുകീറുന്ന മാതിരിയുള്ള വൂൾഫിന്റെ സ്വഭാവവും മൂലമാണ് ഫെയ്സ്ബുക്കിലെ ഫ്രണ്ടിനോടൊപ്പം താൻ ഒളിച്ചോടാൻ തയ്യാറായതെന്ന് ആശ വിശദീകരിക്കുന്നു.
തുടർന്ന് കാമുകൻ ആരാണെന്ന് സഞ്ജയ് അന്വേഷിക്കുന്നു. തന്റെ പേര് ജോ എന്നാണെന്നും ദക്ഷിണാഫ്രിക്കയിലെ ഗെയിംഹണ്ടിങ് കമ്പനിയിലെ മൃഗങ്ങളെ വേട്ടയാടുന്ന ആളാണെന്നും കാമുകൻ വ്യക്തമാക്കുന്നു. കാണെക്കാണെ ജോ, സഞ്ജയിലും നൂറിരട്ടി വൈൽഡാണെന്ന് ആശയ്ക്ക് മനസ്സിലാകുന്നു. അതോടെ അവൾ വീണ്ടും സഞ്ജയിലേയ്ക്കു തന്നെ മടങ്ങാൻ തീരുമാനിക്കുന്നു. ജോയോട് മടങ്ങിപ്പോകാൻ ആവശ്യപ്പെടുന്നെങ്കിലും അയാൾ കൂട്ടാക്കുന്നില്ല. എന്നാൽ ഒടുവിൽ ആശ കാലുപിടിച്ച് അപേക്ഷിക്കുമ്പോൾ ജോയുടെ മനസ്സു മാറുന്നു. അയാൾ ആശയെ സഞ്ജയിന് വിട്ടുകൊടുത്തു കൊണ്ട് യാത്രയാകുന്നു.